हर कदम, हर डगर
किसानों का हमसफर
भारतीय कृषि अनुसंधान परिषद
Agrisearch with a human touch

ISSN NO. 2321-6220

## ഐ.സി.എ.ആർ. – കെ.വി.കെ (എറണാകുളം)

# വാർത്താപത്രിക

പ്രസിദ്ധീകരണം നം. 17 ഒക്ടോബർ 2015 – മാർച്ച് 2016

മലയാളം - ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു



ശ്രീ എസ്.ശർമ്മ എം.എൽ.എ കെ.വി.കെയുടെ പുതിയ ഉൽപന്നം ന്യൂട്രിസ്ലറി പുറത്തിറക്കുന്നു.



കൃഷി മന്ത്രി ശ്രീ കെ.പി. മോഹനൻ കെ.വി.കെയുടെ വേപ്പിൻ പിണ്ണാക്ക് പരിശോധിക്കുന്നു.



ശ്രീ. കെ.വി.തോമസ് എം.പി കെ.വി.കെയുടെ സഞ്ചരിക്കുന്ന വിൽപനശാലയിൽ

भाकृ अनुप
ICAR

ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)
ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ്, കൃഷി മന്ത്രാലയം, ഭാരത സർക്കാർ*
ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം - 682 505
Phone: 0484 2492450 / e-mail: kvkernakulam@cmfri.org.in / website: www.kvkernakulam.org.in

सी एम एफ आर आइ
CMFRI

# ഉദ്ദേശലക്ഷ്യങ്ങൾ

ഒരു ജില്ലയ്ക്കിണങ്ങുന്ന കാർഷിക സങ്കേതങ്ങൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുകയും അവ കർഷകരിലേക്ക് എത്തിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് കാർഷിക മേഖലയിലുള്ള അറിവിന്റെയും സാങ്കേതിക വിദ്യകളുടെയും കലവറയായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പൊതുവായ ഉദ്ദേശലക്ഷ്യം. കൃത്യമായ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

* പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ ജില്ലയിലേക്ക് യോജിച്ചതാണോ എന്നറിയുന്നതിനായുളള കർഷക പങ്കാളിത്ത കൃഷിയിട പരീക്ഷണങ്ങൾ നടത്തുക.

* മുൻനിര പ്രദർശനങ്ങളിലൂടെ വിളകളുടെയും കാർഷിക സംരഭങ്ങളുടെയും ഉത്പാദനക്ഷമത തെളിയിക്കുക.


* കർഷകർക്കും കാർഷിക വിജ്ഞാന വ്യാപനമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും പുത്തൻ സാങ്കേതിക വിദ്യകൾ സാമാന്യ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.

* കാർഷിക-മൃഗസംരക്ഷണ-മത്സ്യകൃഷി മേഖലകളിലേയ്ക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയും ജൈവ/സുരക്ഷിത കൃഷിക്കാവശ്യമായ മറ്റ് ഉത്പന്നങ്ങളും കർഷകർക്ക് ലഭ്യമാക്കുക.

* ജില്ലയുടെ കാർഷിക സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ -സർക്കാരിതര- സന്നദ്ധ സംഘടനകളുമായും വകുപ്പുകളുമായും സഹകരിക്കുന്ന കാർഷിക സാങ്കേതിക വിദ്യകളുടെ കലവറയായി വർത്തിക്കുകയും ചെയ്യുക.



# ആമുഖം



ഏതൊരു ഉല്പാദക യൂണിറ്റിന്റെയും വിജയകരമായ പ്രവർത്തനത്തിന് ഗുണമേന്മയുള്ള ഉല്പാദന ഉപാധികൾ, ചിലവുകുറഞ്ഞ സാങ്കേതിക വിദ്യകൾ, ഉത്പന്നങ്ങൾ സൂക്ഷിച്ചു വയ്ക്കാൻ സുരക്ഷിതമായ ഇടം, കാര്യക്ഷമമായ വിപണനമാർഗങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കൃഷിയുടെ കാര്യത്തിലാണെങ്കിലും ഇത് ബാധകമാണ്. എന്നാൽ കൃഷി എന്ന ഉല്പാദന യൂണിറ്റിന് ഒട്ടും സ്ഥിരതയില്ലാത്ത കാലാവസ്ഥയും അനുബന്ധ പ്രശ്നങ്ങളും കൂടി അഭിമുഖീകരിക്കേണ്ടതായുണ്ട്. സുസ്ഥിര കാർഷിക വികസനത്തിന് മേൽപറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളും ഉൽപന്നങ്ങൾക്ക് ന്യായമായ വിലയും ആവശ്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇക്കാര്യം ഉൾകൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം നടത്തി വരുന്നത്. എറണാകുളം കെ.വി.കെ കഴിഞ്ഞ വർഷം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് വീട്ടുവളപ്പുകളിൽ തന്നെ സുരക്ഷിത ഭക്ഷണമുണ്ടാക്കുന്നതിനുള്ള ജൈവ/സുരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിലാണ്. സ്വന്തം കൃഷി, സുരക്ഷിത ഭക്ഷണം എന്നതാണ് കെ.വി.കെയുടെ മുദ്രാവാക്യം. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, ജൈവ കെണികൾ, ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ കെ.വി.കെ തന്നെ ഉത്പാദിപ്പിച്ച് സി.എം.എഫ്.ആർ.ഐ യുടെ വിപണനകേന്ദ്രം വഴി വിപണനം ചെയ്തു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം അയ്യായിരത്തിലധികം കർഷകർ മേൽപറഞ്ഞ വിപണനകേന്ദ്രം സന്ദർശിക്കുകയുണ്ടായി. കെ.വി.കെ പോലുള്ള സ്ഥാപനങ്ങളിൽ കർഷകരുടെ കാൽപാടുകൾ പതിയുക എന്നത് അഭിമാനാർഹവും വളരെ പ്രാധാന്യമുള്ളതുമായ ഒന്നാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.ഗുണമേന്മയുള്ള നടീൽവസ്തുക്കൾ, നാടൻ കോഴിക്കുഞ്ഞുങ്ങൾ തുടങ്ങിയവയ്ക്കായി പ്രത്യേകം വിപണനമേളകളും കെ.വി.കെ സംഘടിപ്പിക്കാറുണ്ട്. ഇതിന് പുറമേ വിവിധ പ്രസിദ്ധീകരണങ്ങളും വിപണനകേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന എക്സിബിഷനുകളിൽ കെ.വി.കെയുടെ പ്രാതിനിധ്യം ഉണ്ട്. മേൽപറഞ്ഞ ഉത്പന്നങ്ങൾ കർഷകരുടെ സഹകരണത്തോടെ അവരുടെ കൃഷിയിടങ്ങളിൽ കെ.വി.കെ യുടെ സാങ്കേതിക മേൽനോട്ടത്തിൽ ഉൽപാദിപ്പിക്കുന്ന ഉപഗ്രഹ ഉത്പാദന യൂണിറ്റുകളും കെ.വി.കെ ക്ക് ഉണ്ട്. ഗുണമേന്മയുള്ള കാർഷിക ഉൽപാദനോപാധികൾ ജില്ലയിലെമ്പാടുമുള്ള കർഷകർക്ക് ലഭ്യമാക്കാൻ സഞ്ചരിക്കുന്ന വിപണനശാല എന്ന ആശയവും കെ.വി.കെ, പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. കർഷകർ എന്നും അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വിപണനവും അർഹമായ വില ലഭിക്കാത്തതുമാണ് എന്നും ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ടാണ്, കൃഷിയിടത്തിൽ തന്നെയുള്ള 'പൊക്കാളി -മത്സ്യ വിപണി' എന്ന ആശയവുമായി കെ.വി.കെ മുന്നോട്ട് വരികയും കഴിഞ്ഞ മൂന്നു വർഷങ്ങളായി പൊക്കാളി- മത്സ്യ വിളവെടുപ്പിനോടനുബന്ധിച്ച് കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കാനുള്ള ഇത്തരം മാതൃകകൾ നടപ്പിലാക്കുകയും ചെയ്തത്. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുകയും കർഷകരെ വിപണനത്തിൽ സ്വയം പര്യാപ്തരാക്കുകയും ചെയ്യുക എന്ന ആശയം മുൻനിർത്തി കർഷക കമ്പനികൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കെ.വി.കെ നടത്തിവരുന്നു. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം കേരളം നേരിടുന്ന പ്രധാന പ്രശ്നമാണ്. ഇതിനുപുറമെ കാർഷിക ഉത്പാദനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ അഭാവം മറ്റൊരു പ്രശ്നമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി കൃത്യമായ പരിശീലനം സിദ്ധിച്ച കർമ്മസേനാ ഗ്രൂപ്പുകളെ കെ.വി.കെ രൂപീകരിക്കുന്നുണ്ട്. ഇത്തരത്തിൽ അടുക്കളത്തോട്ടങ്ങൾ നിർമ്മിച്ചു നൽകുന്ന യൂണിറ്റ് കെ.വി.കെ യ്ക്ക് ഉണ്ട്. മത്സ്യകൃഷി മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള ഗ്രൂപ്പുകളെ സൃഷ്ടിക്കാനുള്ള പദ്ധതി കെ.വി.കെ നടത്തിവരുന്നു. കാർഷിക മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിവിധ സർക്കാർ - സർക്കാരിതര ഏജൻസികൾ കൂട്ടായ പ്രവർത്തനം നടത്തിയെങ്കിൽ മാത്രമേ കാർഷികമേഖലയുടെ വികസനം പൂർണ്ണമാകൂ എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ജില്ലാതലത്തിലുള്ള വിവിധ വകുപ്പുകളും 'ആത്മ' പോലുള്ള ഏജൻസികളുമെല്ലാം ഒന്നിച്ച് പ്രവർത്തിക്കുകയും കർഷകർക്കാവശ്യമായ സാങ്കേതിക പിന്തുണ കൂട്ടായി നൽകുകയും ചെയ്യേണ്ടതുണ്ട്.

കെ.വി.കെ യുടെ മേൽപ്പറഞ്ഞ കർഷക സൗഹൃദ പരിപാടികൾ ജനങ്ങളിലേക്കും ജനപ്രതിനിധികളിലേക്കും ഉദ്യോഗസ്ഥരിലേക്കും മറ്റും എത്തിക്കുക വഴി ഭാവിയിൽ ജില്ലയുടെ കാർഷിക അഭിവൃദ്ധിക്കായി കൂട്ടായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ വാർത്താ പത്രിക സഹായകരമാകുമെന്ന് വിശ്വസിക്കുന്നു.

(എ.ഗോപാലകൃഷ്ണൻ)
ഡയറക്ടർ

**പ്രസാധകൻ**
ഡോ. എ. ഗോപാലകൃഷ്ണൻ
ഡയറക്ടർ
ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
എറണാകുളം നോർത്ത് പി.ഒ., പി.ബി. നം. 1603, കൊച്ചി 682 018

**തയ്യാറാക്കിയത്**
ഡോ. ഷിനോജ് സുബ്രമണ്യൻ
ഡോ. കെ. സ്മിത ശിവദാസൻ
എഫ്. പുഷ്പരാജ് ആഞ്ചലോ
നന്ദന പി.ആർ
ഐ.സി.എ.ആർ - കെ.വി.കെ. എറണാകുളം

ആശംസകളോടെ...

**ഡയറക്ടർ**
ഐ.സി.എ.ആർ - സി.എം.എഫ്.ആർ.എ

**സീനിയർ സയിന്റിസ്റ്റ് & ഹെഡ്**
ഐ.സി.എ.ആർ - കെ.വി.കെ (എറണാകുളം)
സി.എം.എഫ്.ആർ.എ

## കർഷകന് ദേശീയ പുരസ്കാരം

കെ.വി.കെ ശുപാർശ ചെയ്ത കർഷക ശാസ്ത്രജ്ഞൻ ശ്രീ. സച്ചിദാനന്ദൻ വെളിയത്ത് 2015–16 വർഷത്തെ ഏറ്റവും നല്ല കർഷക ശാസ്ത്രജ്ഞനായി ദില്ലിയിലെ ദേശീയ കാർഷിക ഗവേഷണ സ്ഥാപനം ഏർപ്പെടുത്തിയ ദേശീയ പുരസ്കാരത്തിന് അർഹനായി. ജാതിക്കുരുവിന്റെ തൊണ്ട് പൊട്ടിക്കുന്ന യന്ത്രത്തിന്റെ കണ്ടുപിടിത്തമാണ് അദ്ദേഹത്തെ ഈ അവാർഡിനർഹനാക്കിയത്. ദില്ലിയിൽ വച്ച് ദേശീയ കാർഷിക മേള- കൃഷി ഉന്നതിയോടനുബന്ധിച്ച് 2016 മാർച്ച് 21ന് നടന്ന ചടങ്ങിൽ വച്ച് കേന്ദ്ര കൃഷിമന്ത്രി ശ്രീ രാധാമോഹൻ സിങ് ആണ് അവാർഡ് സമ്മാനിച്ചത്. 2004ൽ എറണാകുളം ജില്ലയിലെ ഏറ്റവും നല്ല കർഷക ശാസ്ത്രജ്ഞനായി കെ.വി.കെ ഇദ്ദേഹത്തെ തിരഞ്ഞെടുത്തിരുന്നു.



ശ്രീ. സച്ചിദാനന്ദൻ വെളിയത്ത് അവാർഡ് സ്വീകരിക്കുന്നു.

## അന്താരാഷ്ട്ര മണ്ണ് ദിനാഘോഷം നടത്തി

2015 ഡിസംബർ 5ന് ചെറായിക്കടുത്ത് പള്ളിപ്പുറത്ത് വച്ച് കെ.വി.കെ അന്താരാഷ്ട്ര മണ്ണ് ദിനാഘോഷം നടത്തുകയുണ്ടായി. തദവസരത്തിൽ തിരഞ്ഞെടുത്ത കർഷകർക്ക് മണ്ണ് പരിശോധന നടത്തി അവരവരുടെ മണ്ണിന്റെ ഗുണഗണങ്ങളും പോരായ്മകളും അതോടൊപ്പം വള ശുപാർശയും രേഖപ്പെടുത്തിയ 'മണ്ണ് പരിപോഷണ കാർഡ് 'വിതരണം ചെയ്യുകയുണ്ടായി. മണ്ണ് പരിപോഷണ കാർഡിന്റെ വിതരണ ഉദ്ഘാടനം ബഹുമാന്യനായ എറണാകുളം എം.പി പ്രൊഫ. കെ.വി തോമസ് നിർവഹിക്കുകയുണ്ടായി. കൃഷി സ്ഥലങ്ങളിലും ഗ്രോബാഗുകളിലും ഉൾപ്പടെ ഊഷരമായ മണ്ണിനെ പരിപോഷിപ്പിക്കുന്നതിനായി കെ.വി.കെ തയ്യാറാക്കിയ ജൈവ മണ്ണ് പരിപോഷണ മിശ്രിതം - ന്യൂട്രിസ്ലറി (NutriSlurry) തദവസരത്തിൽ വൈപ്പിൻ എം. എൽ. എ ശ്രീ. എസ്. ശർമ്മ പുറത്തിറക്കുകയുണ്ടായി. ചടങ്ങിനോടനുബന്ധിച്ച് മണ്ണ് പരിശോധനയ്ക്കായി ശാസ്ത്രീയമായി സാമ്പിൾ ശേഖരിക്കുന്നതെങ്ങനെയാണെന്ന് വിവരിക്കുന്ന ലഘുലേഖ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പുറത്തിറക്കി. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമണി അജയൻ അദ്ധ്യക്ഷ ആയിരുന്നു. വാർഡ് മെമ്പർ രാധിക സതീഷ്, സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് മയ്യാറ്റിൽ സത്യൻ, കൃഷി ഓഫീസർ ആർ. സോണിയ എന്നിവർ പങ്കെടുത്തു.



സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ ശാസ്ത്രീയ മണ്ണ് സാമ്പിൾ ശേഖരണത്തെക്കുറിച്ചുള്ള ലഘുലേഘ പുറത്തിറക്കുന്നു.



ശ്രീ.കെ.വി. തോമസ്.എം.പി മണ്ണ് പരിപോഷണ കാർഡുകൾ വിതരണം ചെയ്യുന്നു

# കെ.വി.കെ യുടെ പുത്തൻ ജൈവ ഉത്പാദനോപാധികൾ

## ന്യൂട്രിസ്ലറി – മണ്ണ് പരിപോഷണ മിശ്രിതം

കെ.വി.കെ യുടെ മണ്ണ് പരിപോഷണ മിശ്രിതം ന്യൂട്രിസ്ലറി, 2015 ഡിസംബർ 5 ന് പള്ളിപ്പുറത്ത് വച്ച് വൈപ്പിൻ എം.എൽ.എ ശ്രീ. എസ്സ്. ശർമ്മ പുറത്തിറക്കുകയുണ്ടായി. മണ്ണിൽ ജൈവാംശവും സൂക്ഷ്മ ജീവികളുടെ അളവും ഉറപ്പുവരുത്തി മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാനും നിലനിർത്താനുമുള്ള ഫലപ്രദമായ ജൈവ ടോണിക്കാണ് ന്യൂട്രിസ്ലറി. ഗുണമേന്മയുള്ള ചാണകം, വേപ്പിൻ പിണ്ണാക്ക്, കപ്പലണ്ടി പിണ്ണാക്ക് എന്നിവ പ്രത്യേക അനുപാതത്തിൽ സംയോജിപ്പിച്ച് പുളിപ്പിച്ചെടുക്കുന്ന ന്യൂട്രിസ്ലറി 5 ലിറ്റർ കാനുകളിൽ സി.എം.എഫ്.ആർ.ഐ ൽ ഉള്ള കെ.വി.കെ വിപണനകേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. ഇത് 5 ലിറ്റർ വെള്ളം കൂടി ചേർത്ത് ചെടികൾക്ക് നൽകാവുന്നതാണ്.






കെ.വി.കെ യുടെ പുത്തൻ ജൈവ ഉൽപാദനോപാധികൾ

## സമ്പുഷ്ട ചാണകപ്പൊടി, ഗോമൂത്രം, മണ്ണിര കമ്പോസ്റ്റ്

വനപ്രദേശങ്ങളിൽ മാത്രം മേയാൻ വിടുന്ന നാടൻ പശുക്കളിൽ നിന്നും ശേഖരിക്കുന്ന ഗുണമേന്മയേറിയ ചാണകം, മൂത്രം എന്നിവ ഉപയോഗിച്ചാണ് ഈ ഉത്പന്നങ്ങൾ തയ്യാറാക്കുന്നത്. ചാണകപ്പൊടിയും മണ്ണിരകമ്പോസ്റ്റും ചെടിയുടെ ചുവട്ടിൽ ഇട്ടുകൊടുക്കാനാണെങ്കിൽ ഗോമൂത്രം നേർപ്പിച്ച് തളിച്ചുകൊടുക്കാനാണ് കെ.വി.കെ നിർദ്ദേശിക്കുന്നത്. 2016 മാർച്ച് 10ന് സി.എം.ആർ.ഐ ൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഈ ഉൽപന്നങ്ങൾ പുറത്തിറക്കുകയുണ്ടായി.

## മരച്ചീനി ഇലകളിൽ നിന്നുള്ള ജൈവകീടനാശിനികൾ

നന്മ,മേന്മ,ശക്തി,ശ്രേയ എന്നിവ മരച്ചീനി ഇലകളിൽ നിന്നും വേർതിരിച്ചെടുക്കുന്ന സംയുക്തങ്ങൾ ഉപയോഗിച്ച് തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്തവയാണ്. അവരിൽ നിന്നും സാങ്കേതികവിദ്യ വാങ്ങി കെ.വി.കെ ഈ ഉൽപന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. ഇവ 2016 മാർച്ച് 10 ന് സി.എം.എഫ്.ആർ.ഐ ൽ വച്ച് നടന്ന ചടങ്ങിൽവച്ച് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പുറത്തിറക്കുകയുണ്ടായി.


സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ കെ.വി.കെ. ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നു

## പൊക്കാളി മത്സ്യ കൃഷിയിട വിപണി ഈ വർഷവും സജീവം

ഉപഭോക്താക്കൾക്ക് ശുദ്ധമായ പൊക്കാളി മത്സ്യം ലഭ്യമാക്കുകയും കർഷകർക്ക് നല്ല വില ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും പൊക്കാളി മത്സ്യ വിളവെടുപ്പുകാലത്ത് കെ.വി.കെ നടത്തിവരാറുള്ള കർഷകവിപണികൾ ഈ വർഷവും സജീവമായിരുന്നു. 2016 മാർച്ച് 26 ന് കടമക്കുടിയിലെ വിപണി സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാലിനി ബാബു, മാർക്കറ്റ്ഫെഡ് മാനേജിംങ് ഡയറക്ടർ ഡോ. മൈക്കിൾ വേദശിരോമണി, IAS ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി സോന ജയരാജ് എന്നിവർ സന്നിഹിതരായിരുന്നു.


സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ കൃഷിയിട വിപണി ഉദ്ഘാടനം ചെയ്യുന്നു.

## കെ.വി.കെ യുടെ സാങ്കേതിക പിന്തുണയോടെ കുടുംബശ്രീ ജൈവവള നിർമ്മാണ യൂണിറ്റ്.

ഗുണമേന്മയുള്ള ജൈവ ഉത്പാദനോപാധികൾ ജില്ലയിലെങ്ങും ലഭ്യമാക്കുക എന്ന കെ.വി.കെ നയത്തിന്റെ ഭാഗമായി ജില്ലാ കുടുംബശ്രീ മിഷനുമായി സഹകരിച്ച് ജീവ കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് എന്ന പേരിൽ മഴവന്നൂരിനടുത്ത് ഐരാപുരത്ത് ഒരു ജൈവവള നിർമ്മാണ യൂണിറ്റ് തുടങ്ങുകയുണ്ടായി. മഴവന്നൂരിലുള്ള കുടുംബശ്രീ മന്ദിരത്തിൽ വിപണന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 2016 ഫെബ്രുവരി 23 ന് ഉദ്ഘാടനം ചെയ്ത യൂണിറ്റിൽ നിന്നും ഗുണമേന്മയുള്ള വേപ്പിൻ പിണ്ണാക്ക്, ആവണക്ക് പിണ്ണാക്ക്, മണ്ണിര കമ്പോസ്റ്റ്, സ്പ്രേ ചെയ്യാവുന്ന വേപ്പെണ്ണ, ഡോളോമൈറ്റ്, ഗ്രോബാഗ് മിശ്രിതം, ഗ്രോബാഗുകൾ തുടങ്ങിയവ ലഭ്യമാണ്.


ജീവ കുടുംബശ്രീ ജൈവവള നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനത്തിൽ നിന്ന്

## കെ.വി.കെയുടെ ഉപഗ്രഹ തൈ ഉത്പാദന കേന്ദ്രം ആരംഭിച്ചു

കെ.വി.കെ യുടെ ഉപഗ്രഹ തൈ ഉത്പാദന കേന്ദ്രം ആരംഭിച്ചു. കെ.വി.കെ യുടെ നിരീക്ഷണത്തിൽ കർഷകരുടെ സഹകരണത്തോടെ അവരുടെ തന്നെ കൃഷിയിടങ്ങളിൽ പൊതു- സ്വകാര്യ പങ്കാളിത്ത രീതിയിൽ വിവിധ കാർഷിക ഉൽപാദനോപാധികൾ ഉത്പാദിപ്പിക്കുന്ന സംവിധാനങ്ങളാണ് ഉപഗ്രഹ ഉത്പാദന കേന്ദ്രങ്ങൾ. ഇത്തരത്തിൽ തൈകളും മറ്റു നടീൽ വസ്തുക്കളും ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് പള്ളുരുത്തിയിലുള്ള സെന്റ് ജോസഫ് കൊത്തലങ്കോയിൽ പ്രവർത്തനമാരംഭിച്ചു. വിവിധ തരം പച്ചക്കറി തൈകൾ, കറിവേപ്പ്, മുരിങ്ങ എന്നിവയുടെ തൈകൾ തുടങ്ങിയവ ഇവിടെ നിന്നും ഉത്പാദിപ്പിച്ചു വിതരണം ചെയ്യുകയുണ്ടായി. എറണാകുളം ജില്ലയിലേക്ക് ആവശ്യമായ തൈകളും മറ്റു നടീൽ വസ്തുക്കളും ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിലേക്കായി ഈ കേന്ദ്രവും ഇതുപോലുള്ള മറ്റു ഉപഗ്രഹകേന്ദ്രങ്ങളും വികസിപ്പിക്കാനാണ് കെ.വി.കെയുടെ പദ്ധതി. മേൽ



കെ.വി.കെ യുടെ ഉപഗ്രഹ ഉത്പാദന യൂണിറ്റിൽ പച്ചക്കറി തൈകൾ തയ്യാറാക്കുന്നു.

പറഞ്ഞ ഉപഗ്രഹ യൂണിറ്റുമായുള്ള ധാരണാപത്രം 2015 നവംബർ 30ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഒപ്പുവയ്ക്കുകയുണ്ടായി.

## ഗിഫ്റ്റ് തിലാപ്പിയ പ്രദർശന കൃഷി

ഗിഫ്റ്റ് തിലാപ്പിയ എന്ന പേരിൽ പരക്കെ അറിയപ്പെടുന്ന ജനറ്റിക്കലി ഇംപ്രൂവ്ഡ് ഫാമ്ഡ് തിലാപ്പിയയുടെ പാറമടകളിലെ ചെറുകൂടുകളിലുള്ള കൃഷി പ്രദർശനം അങ്കമാലിക്കടുത്ത് കറുകുറ്റിയിലുള്ള ഫാ.ജേക്കബ് മുളവരിക്കലിന്റെ പാറമടയിൽ നടത്തുകയുണ്ടായി. 6 മാസത്തെ കൃഷികൊണ്ട് ഗിഫ്റ്റ് തിലാപ്പിയ മത്സ്യങ്ങൾ 350 ഗ്രാം വലുപ്പമെത്തുന്നതായി കണ്ടു. 80 ശതമാനമായിരുന്നു അതിജീവന തോത്. ഇതോടനുബന്ധിച്ച് കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ കർഷകർക്കും, യുവാക്കൾക്കും, വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ കൂടി കെ.വി.കെ നടത്തുകയുണ്ടായി. ഈ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിനായി 2016 മാർച്ച് 23 ന് ഒരു വിളവെടുപ്പ് മേള സംഘടിപ്പിച്ചു. കുറുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷാജു വി. തെക്കേക്കര പരിപാടി ഉദ്ഘാടനം ചെയ്തു.






ഗിഫ്റ്റ് തിലാപ്പിയ വിളവെടുപ്പ് മേളയുടെ ഉദ്ഘാടനത്തിൽ നിന്ന്.

## പച്ചക്കറി തൈ വിപണനമേളകൾ

2015 നവംബർ-ഡിസംബർ മാസങ്ങളിലായി കൊച്ചി സി.എം.എഫ്.ആർ.ഐയിലുള്ള വിപണന കേന്ദ്രത്തിൽ വച്ച് പച്ചക്കറി തൈകൾ, വിത്തിട്ടു മുളപ്പിച്ച കറിവേപ്പില തൈകൾ,മുരിങ്ങതൈകൾ എന്നിവയുടെ വിപണനമേള നടത്തുകയുണ്ടായി. ഏതാണ്ട് എഴുന്നൂറോളം കർഷകർ ഈ മേളകളിൽ പങ്കെടുത്തു.


സി.എം.എഫ്.ആർ.ഐയിലെ പച്ചക്കറി വിപണന മേളയിൽ നിന്നും.

## റാബി കൃഷിക്ക് മുന്നോടിയായുള്ള ബോധവത്കരണ പരിപാടി

കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശപ്രകാരം രാജ്യമെങ്ങുമുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ റാബി കൃഷിക്ക് മുന്നോടിയായുള്ള ബോധവത്കരണ പരിപാടി നടത്തിയതിന്റെ ഭാഗമായി ജനുവരി 2 മുതൽ 10 വരെ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ വച്ച് എറണാകുളം കെ.വി.കെ യുടെ ബോധവൽക്കരണ പരിപാടിയും നടത്തുകയുണ്ടായി. ഏകദേശം മുപ്പത്തയ്യയിരത്തിരത്തോളം കർഷകരും നാന്നൂറ്റമ്പതോളം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും കെ.വി.കെ സ്റ്റാൾ സന്ദർശിച്ചു. കാർഷിക രംഗത്തെ വിവിധ പുത്തൻ സാങ്കേതിക വിദ്യകൾ തദവസരത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി.



റാബി കൃഷിക്കു മുന്നോടിയായുള്ള ബോധവത്കരണ പരിപാടിയിലെ കെ.വി.കെ സ്റ്റാൾ

## കാർഷിക ശാസ്ത്രജ്ഞർക്കായുള്ള പ്രവർത്തന പരിചയ പരിശീലനം

ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഗവേഷണ സർവ്വീസിൽ പുതുതായി ചേർന്ന ശാസ്ത്രജ്ഞർക്ക് കെ.വി.കെ. യിൽ 21 ദിവസത്തെ പരിശീലനം നൽകി. ഹൈദരാബാദിലെ ദേശീയ കാർഷിക ഗവേഷണ അക്കാദമിയിൽ നിന്നുമാണ് ശാസ്ത്രജ്ഞർ പരിശീലനത്തിനെത്തിയത്. 2016 ഫെബ്രുവരി 8 മുതൽ 28 വരെ നടന്ന പരിശീലനം എറണാകുളത്തിനടുത്ത് നായരമ്പലം പഞ്ചായത്തിലാണ് സംഘടിപ്പിച്ചത്. 2016 ഫെബ്രുവരി 22നു നടന്ന ഗ്രാമസമ്പർക്ക പരിപാടിയിൽ നായരമ്പലം പഞ്ചായത്തിന്റെ കാർഷിക വികസനത്തിനുതകുന്ന രൂപരേഖ തയ്യാറാക്കി അവതരിപ്പിക്കുകയും ആശയങ്ങൾ കർഷകരുമായി പങ്കുവയ്ക്കുകയുമുണ്ടായി. നായരമ്പലം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഇ. പി. ഷിബു പരിപാടി ഉത്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കെ.വി.കെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



കർഷകശാസ്ത്ര സംവാദം

## കാർഷിക അനുബന്ധ വകുപ്പുകൾക്ക് കെ.വി.കെ യുടെ സാങ്കേതിക പിന്തുണ

ജില്ലയിലെ കാർഷിക അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയ്ക്ക് സാങ്കേതിക പിന്തുണ നൽകുക എന്നത് കെ.വി. കെയുടെ ഒരു പ്രധാന ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി മത്സ്യകൃഷി വികസന ഏജൻസി (FFDA) നടത്തിയ കൂടുമത്സ്യകൃഷി പ്രദർശന പരിപാടിക്ക് സാങ്കേതിക സഹായം, ഗ്രൂപ്പുകളുടെ പരിശീലനം എന്നിവ നടത്തിയത് കെ.വി.കെ ആയിരുന്നു.



കെ.വി.കെ യുടെ സാങ്കേതിക സഹായത്തോടെ ചെങ്ങമനാട് വസന്തം വനിതാ സ്വയം സഹായ സംഘം നടത്തുന്ന കൂടു മത്സ്യകൃഷി

## മറ്റു കെ.വി.കെ കളുമായി യോജിച്ചു നടത്തിയ പ്രവർത്തനങ്ങൾ

**ഐ.സി.എ.ആർ-കെ.വി.കെ മലപ്പുറം** ഗാർഹിക ശാസ്ത്ര വിദഗ്ദ്ധ ശ്രീമതി.പി.ശ്രീലത 2015 ഡിസംബർ 31 ന് മലപ്പുറം കെ.വി.കെ യിൽ വച്ച് 'മത്സ്യ മൂല്യവർദ്ധനം' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തി.

**ഐ.സി.എ.ആർ-കെ.വി.കെ ഉഡുപ്പി** കർണ്ണാടകയിലെ ഉഡുപ്പി കെ.വി.കെ വഴി കരിമീൻ കുഞ്ഞുങ്ങളും കരിമീൻ തീറ്റയും കർഷകർക്ക് എത്തിച്ചു കൊടുക്കുകയുണ്ടായി.

**ഐ.സി.എ.ആർ-കെ.വി.കെ നാമക്കൽ** തീറ്റപ്പുൽ കൃഷിയിൽ പ്രാവീണ്യം തെളിച്ച നാമക്കൽ കെ.വി. കെ യിൽ നിന്നും പുതിയ തരം തീറ്റപ്പുൽ വിത്തുകൾ സി.എം.എഫ്.ആർ.ഐ യിലുള്ള വിപണന കേന്ദ്രത്തിലൂടെ വിതരണം ചെയ്യുന്ന രീതി തുടങ്ങി വച്ചു.

**കെ.വി.കെ പത്തനംതിട്ട** പത്തനംതിട്ട കെ.വി.കെ മേധാവിയും മറ്റു ശാസ്ത്രജ്ഞരും അടങ്ങിയ ഗ്രൂപ്പുമായി 2015 സെപ്റ്റംബർ 21 ന് എറണാകുളത്തുവച്ചു നടത്തിയ ചർച്ചയിൽ കർഷകരുടെ ഉന്നമനത്തിനായി വിവിധ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചു. ഇതേ തുടർന്ന് എറണാകുളം കെ.വി.കെയിലെ മത്സ്യ കൃഷി വിദ്ഗദ്ധൻ ഡോ. വികാസ് പി എ 2015 ഒക്ടോബർ 27ന് പത്തനംതിട്ട കെ.വി.കെ യിൽ വച്ച് 'വീട്ടുവളപ്പിലെ മത്സ്യകൃഷി' എന്ന വിഷയത്തിൽ പരിശീലനം നടത്തുകയുണ്ടായി. മറ്റൊരവസരത്തിൽ പത്തനംതിട്ട ജില്ലയിലെ ക്ഷീര കർകർക്കായി ഡോ. കെ. സ്മിത ശിവദാസൻ ജൈവതീറ്റ രൂപകൽപന ചെയ്തു നൽകുകയുണ്ടായി.

**മറ്റ് കെ.വി.കെ കൾ**

വേപ്പെണ്ണ അധിഷ്ഠിത കീടനാശിനികൾ ഉണ്ടാക്കി വിതരണം നടത്തുന്ന കേരളത്തിലെ കെ.വി.കെ കൾക്ക് ആവശ്യമായ വേപ്പെണ്ണ ഉത്പാദിപ്പിച്ചു നൽകുന്ന പരിപാടി തുടങ്ങിവച്ചു. കെ.വി.കെ ശൃംഖലയിൽ നിന്നും കർഷകർക്കു ലഭ്യമാക്കുന്ന ഉത്പന്നങ്ങൾ ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്.



പത്തനംതിട്ട കെ.വി.കെ യുടെ ഉദ്യോഗസ്ഥർ സി.എം.എഫ്. ആർ.ഐ യിലെ വിപണന കേന്ദ്രത്തിൽ.

## വിദ്യാർത്ഥികൾക്കായുള്ള പരിപാടികൾ

വിദ്യാർത്ഥികളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്ന കെ.വി.കെയുടെ നയത്തിന്റെ ഭാഗമായി ആറ് ദിവസം നീണ്ടുനിന്ന 2 പരിശീലന പരിപാടികൾ മത്സ്യമൂല്യവർദ്ധനം എന്ന വിഷയത്തിൽ നടത്തുകയുണ്ടായി. ഉത്പന്നങ്ങളുടെ നിർമ്മാണം, പാക്കിങ്ങ്,ലേബൽ രൂപകൽപന,സംഭരണം, വിപണനം തുടങ്ങിയ എല്ലാ മേഖലകളും ഈ പരിശീലനത്തിൽ പ്രതിപാദിക്കുകയുണ്ടായി. ഇതിനു പുറമേ, കറുകുറ്റി സെന്റ് തോമസ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി


മത്സ്യ മൂല്യവർദ്ധന പരീശീലന പരിപാടി പുരോഗമിക്കുന്നു.

2015 സെപ്തംബർ 8 ന് കൂടുകൃഷിയെക്കുറിച്ച് ഒരു പരിശീലനം നടത്തുകയുണ്ടായി.

## എക്സിബിഷനുകളിലെ പങ്കാളിത്തം

### അന്നം എക്സിബിഷൻ, എറണാകുളം

എറണാകുളം രാജേന്ദ്ര മൈതാനത്ത് 2015 ഡിസംബർ 10 മുതൽ 14 വരെ സെന്റർ ഫോർ ഇന്നവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷൻ (CISSA) സംഘടിപ്പിച്ച മൂന്നാമത് അന്നം നാഷണൽ ഫുഡ് ആന്റ് അഗ്രോ ബയോഡൈവേർസിറ്റി ഫെസ്റ്റിവലിൽ കെ.വി.കെ പങ്കെടുക്കുകയുണ്ടായി. കെ.വി.കെയുടെ വിവിധ സാങ്കേതിക വിദ്യകളും ജൈവ ഉത്പന്നങ്ങളും പ്രദർശിപ്പിക്കുകയും വിപണനത്തിനായി വയ്ക്കുകയുമുണ്ടായി. കെ.വി.കെ യുടെ ഉപഗ്രഹ കേന്ദ്രം വഴി ഉത്പാദിപ്പിച്ച കരിങ്കോഴിക്കുഞ്ഞുങ്ങൾ എക്സിബിഷനിൽ വിൽപ്പന നടത്തി. ഏകദേശം രണ്ടായിരത്തോളം കർഷകർ സ്റ്റാൾ സന്ദർശിച്ചു.



പരിസ്ഥിതി പ്രവർത്തക ശ്രീമതി. വന്ദനാ ശിവ കെ.വി.കെ സ്റ്റാൾ സന്ദർശിക്കുന്നു.

### ജില്ലാ ക്ഷീരവികസന എക്സ്പോ, കോലഞ്ചേരി

2016 ഫെബ്രുവരി 25 മുതൽ 26 വരെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് ഗ്രൗണ്ടിൽ വച്ച് ക്ഷീര വികസന വകുപ്പ് സംഘടിപ്പിച്ച ജില്ലാതല ക്ഷീര സംഗമം 2016 എന്ന പരിപാടിയിലും എക്സിബിഷനിലും കെ.വി.കെ പങ്കെടുത്തു. കെ.വി.കെ യുടെ സാങ്കേതിക മേൽനോട്ടത്തിൽ ജീവ കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് ഉത്പാദിപ്പിക്കുന്ന വിവിധ ജൈവകാർഷിക ഉത്പാദനോപാധികളുടെ പരീക്ഷണ വിപണനവും ഇതോടൊപ്പം നടത്തുകയുണ്ടായി. ഏകദേശം ആയിരത്തോളം കർഷകർ സ്റ്റാൾ സന്ദർശിച്ചു.

### പൈനാപ്പിൾ ഫെസ്റ്റ്, വാഴക്കുളം

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2016 ഫെബ്രുവരി 5 മുതൽ 7 വരെ വാഴക്കുളത്തുവച്ചു നടത്തിയ പൈനാപ്പിൾ ഫെസ്റ്റിൽ കെ.വി.കെ പങ്കെടുക്കുകയുണ്ടായി. കെ.വി.കെ യുടെ വിവിധ ജൈവ കാർഷിക ഉത്പാദനോപാധികൾ പ്രദർശിപ്പിച്ചതിനോടൊപ്പം പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ വിവരിക്കുന്ന പോസ്റ്ററുകളും പ്രദർശിപ്പിക്കുകയുണ്ടായി. 700ൽ അധികം കർഷകർ കെ.വി.കെ സ്റ്റാൾ സംന്ദർശിച്ചു.



കുടുംബശ്രീ ഉത്പന്നങ്ങളുടെ പരീക്ഷണ വിപണനം കെ.വി.കെ സ്റ്റാളിൽ.

## ആത്മ – കെ.വി.കെ സംയുക്ത പരിപാടികൾ

### ആത്മ - സാങ്കേതിക വിദ്യാവാരാചരണത്തിൽ പങ്കാളിത്തം

2015 ഡിസംബർ 10-11 തീയതികളിൽ മൂവാറ്റുപുഴയിൽ വച്ചുനടന്ന എറണാകുളം ജില്ലാ 'ആത്മ' സാങ്കേതിക വിദ്യാചരണത്തിൽ കെ.വി.കെ പങ്കെടുത്തു. കെ.വി.കെ ഉത്പന്നങ്ങൾ കർഷകർക്കു പരിചയപ്പെടുത്തുന്ന സ്റ്റാളുകളും പഴകൃഷിയെക്കുറിച്ചും മത്സ്യ കൃഷിയെക്കുറിച്ചുമുള്ള ക്ലാസുകളും കെ.വി.കെ നടത്തുകയുണ്ടായി. ഏകദേശം 1500 ഓളം കർഷകർ കെ.വി.കെ സ്റ്റാൾ സന്ദർശിച്ചു.


ആത്മ സാങ്കേതിക വിദ്യാവാരാചരണത്തോടനുബന്ധിച്ചുള്ള കെ.വി.കെ സ്റ്റാൾ.


വീട്ടുവളപ്പിലെ മത്സ്യകൃഷിയെക്കുറിച്ച് ഡോ. പി.എ വികാസിന്റെ ക്ലാസ്സ്.

### ആത്മ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലെ പങ്കാളിത്തം

2016 ജനുവരി 28ന് കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ വച്ച് ആത്മ നടത്തിയ വീട്ടുവപ്പിലെ മത്സ്യകൃഷി എന്ന പരിശീലന പരിപാടിയിൽ കെ.വി.കെ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. 2016 മാർച്ച് 10ന് തൃക്കാക്കര ടൗൺ ഹാളിൽ വച്ച് ആത്മ നടത്തിയ കർഷക- ശാസ്ത്രജ്ഞ സംവാദത്തിലും കെ.വി.കെ പങ്കെടുക്കുകയുണ്ടായി.

### ആത്മ യോഗങ്ങൾ

റിപ്പോർട്ട് കാലയളവിൽ 3 പ്രതിമാസ സാങ്കേതിക ഉപദേശക യോഗങ്ങളിൽ കെ.വി.കെ പങ്കെടുക്കുകയും കർഷകർക്കായുള്ള ലഘുലേഖകൾ തയ്യാറാക്കുന്നതിലേയ്ക്ക് സാങ്കേതിക സഹായം നൽകുകയും ചെയ്തു. 2015 നവംബർ 20നും 2016 മാർച്ച് 18നുമായി കളക്ടറേറ്റിൽ നടന്ന ഉപദേശകസമിതി, ഭരണ സമിതിയോഗങ്ങളിൽ കെ.വി.കെ പങ്കെടുക്കുകയുണ്ടായി.

### ആത്മ- പ്രോജക്ടുകൾക്ക് കെ.വി.കെ യുടെ സാങ്കേതിക പിന്തുണ

ആത്മാ പ്ലസ് 2015-16 വർഷത്തിൽ ആനായരമ്പലത്തു നടത്തിയ പൊക്കാളി-മത്സ്യ-ചെമ്മീൻ സംയോജിത കൃഷി പ്രോജക്ടിനാവശ്യമായ സാങ്കേതിക പിന്തുണ കെ.വി.കെ നൽകുകയുണ്ടായി. നെൽ-മെതിയന്ത്രം രൂപമാറ്റം വരുത്തി മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രോജക്ടിന്റെ സൂഷ്മപരിശോധന കൂടി കെ.വി.കെ നടത്തുകയുണ്ടായി.


ആത്മ പ്രതിമാസ സാങ്കേതിക ഉപദേശകസമിതിയോഗം

## റിപ്പബ്ലിക്ക് ദിനാഘോഷം

2016 ലെ റിപ്പബ്ലിക്ക് ദിനാഘോഷം, ജനുവരി 26 ന് കെ.വി.കെ സമുചിതമായി നടത്തുകയുണ്ടായി. കെ.വി.കെ യുടെ ചരിത്രത്തിൽ ആദ്യമായി സി.എം.എഫ്.ആർ.ഐ ഡയറക്ടർ ആണ് കെ.വി.കെയിൽ പതാക ഉയർത്തിയത്. കെ.വി.കെയുടെ വിവിധ പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം കേന്ദ്ര സർക്കാരിന്റെ പയർവർഗ്ഗ വിള വികസന പരിപാടി വിജയിപ്പിക്കുന്നതിലേക്കായി എറണാകുളം ജില്ലയ്ക്ക് അനുയോജ്യമായ പയർവർഗ്ഗങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.വി.കെയോട് ആവശ്യപ്പെട്ടു.


സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ദേശീയ പതാക ഉയർത്തുന്നു.



ഡോ.എ. ഗോപാലകൃഷ്ണനും ഡോ. ജെ. കെ. ജനയും ചേർന്ന് അവാർഡ് സമ്മാനിക്കുന്നു.

## അംഗീകാരങ്ങളും ബഹുമതികളും

വികാസ് പി. എ, ഷിനോജ് സുബ്രമണ്യൻ, ജോൺ ബോസ്, പി.യു സഖറിയ എന്നിവർ ചേർന്ന് എഴുതിയ പ്രബന്ധത്തിന് 2015 നവംബർ 25 മുതൽ 28 വരെ നടന്ന അഞ്ചാമത് അന്തർദേശീയ കൂടുമത്സ്യ കൃഷി സിംബോസിയത്തിൽ വച്ച് ഏറ്റവും നല്ല പോസ്റ്റർ അവതരണത്തിനുള്ള അവാർഡ് ലഭിക്കുകയുണ്ടായി. കൂടുമത്സ്യകൃഷി അവലംബിച്ച് പൊക്കാളി കൃഷിയിടങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പാദനം ത്വരിതപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രബന്ധമായിരുന്നു അത്.

## ടെലിവിഷൻ പരിപാടികൾ

- കെ.വി.കെ യുടെ ഉപഗ്രഹ ഉത്പാദന കേന്ദ്രങ്ങളെക്കുറിച്ചും ഗുണമേന്മയുള്ള ജൈവ ഉത്പാദനോപാധികളുടെ നിർമ്മാണത്തെക്കുറിച്ചുമുള്ള ഒരു ഡോക്യുമെന്ററി 2015 ഡിസംബർ 3 ലെ കൃഷിദർശൻ പരിപാടിയിൽ ദൂരദർശൻ സംപ്രേഷണം ചെയ്യുകയുണ്ടായി.

- കെ.വി.കെ യുടെ പാറമടകളിലെ കൂടുമത്സ്യകൃഷി, ഗിഫ്റ്റ് തിലാപ്പിയ കൃഷി, കരിങ്കോഴി വളർത്തൽ എന്നിവയെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി 2015 ഡിസംബർ 31 ന് കൃഷിദർശൻ പരിപാടിയിൽ ദൂരദർശൻ സംപ്രേഷണം ചെയ്യുകയുണ്ടായി.



ദൂരദർശൻ ഡോക്യുമെന്ററി

## റേഡിയോ പരിപാടികൾ

- മറുനാടൻ പച്ചക്കറികൾ – പരിപാലനമുറകൾ'' എന്ന വിഷയത്തിൽ ഉദ്യാന കൃഷി സാങ്കേതിക വിദഗ്ദൻ ശ്രീ.ഷോജി ജോയ് എഡിസൺ നടത്തിയ പ്രഭാഷണം 2015 നവംബർ 19ന് കൊച്ചി എഫ്.എം.102.3 ൽ പ്രക്ഷേപണം ചെയ്തു.
- സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ, കെ.വി.കെ തലവൻ ഡോ.ഷിനോജ് സുബ്രമണ്യൻ എന്നിവർ പങ്കെടുത്ത 'കെ.വി.കെ – കുടുംബശ്രീ സംയുക്ത സംരംഭം ജൈവ വള നിർമ്മാണത്തിൽ' എന്ന പരിപാടി 2016 ജനുവരി 9ന് കൊച്ചി എഫ്.എം. 102.3 യുടെ 'സമകാലികം' പരിപാടിയിൽ പ്രക്ഷേപണം ചെയ്തു.

## പ്രസിദ്ധീകരണങ്ങൾ

- എൻ.വി. ദീപ്തി & ഷിനോജ് സുബ്രമണ്യൻ.2015. ശാസ്ത്രീയ മണ്ണ് പരിശോധന, കൃഷി വിജ്ഞാന കേന്ദ്രം പ്രസിദ്ധീകരണ പരമ്പര 1/2015, ഡിസംബർ.
- കെ.സ്മിത ശിവദാസൻ & ഷിനോജ് സുബ്രമണ്യൻ.2015. പുത്തൻ തീറ്റപ്പുൽ വിളകൾ, കൃഷി വിജ്ഞാന കേന്ദ്രം പ്രസിദ്ധീകരണ പരമ്പര 2/2015, ഡിസംബർ.
- വികാസ് പി.എ, ഷിനോജ് സുബ്രമണ്യൻ, ജോൺ ബോസ് & പി.യു. സഖറിയ 2015. കൂടുമത്സ്യകൃഷിയിലൂടെ പൊക്കാളി കൃഷിയിടങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പാദനം ത്വരിതപ്പെടുത്തൽ, അന്തർദേശീയ കൂടുമത്സ്യകൃഷി സിംമ്പോസിയം (CAA5) IPS P11.
- ദീപ്തി എൻ. വി. ഷിനോജ് സുബ്രമണ്യൻ & പുഷ്പരാജ് ആഞ്ചലോ എഫ്. 2016. പഞ്ചഗവ്യയുടെ പ്രചാരണം: എറണാകുളം കെ.വി.കെ യുടെ നാല് വർഷത്തെ അനുഭവ പാഠം, കെ.വി.കെ യുടെ ആദ്യ സിംപോസിയം കൃഷിയിടങ്ങളിലെ ഉത്പാദനക്ഷമതയും ലാഭ സാധ്യതയും വർദ്ധിപ്പിക്കാൻ കെ,വി.കെ കളിൽ നിന്നുള്ള സാങ്കേതിക വിദ്യാ പ്രചരണ പരിപാടികൾ, P - 4
- പുഷ്പരാജ് ആഞ്ചലോ എഫ് & ഷിനോജ് സുബ്രമണ്യൻ. 2016. വാഴയിലെ തടതുരപ്പൻ പുഴുവിനെതിരെ സി.റ്റി.സി.ആർ.ഐ യുടെ 'നന്മ' : എറണാകുളം ജില്ലയിൽ നിന്നൊരു വിജയഗാഥ. കെ.വി.കെ യുടെ ആദ്യ സിംപോസിയം കൃഷിയിടങ്ങളിലെ ഉത്പാദനക്ഷമതയും ലാഭ സാധ്യതയും വർദ്ധിപ്പിക്കാൻ കെ.വി.കെ കളിൽ നിന്നുള്ള സാങ്കേതിക വിദ്യാ പ്രചരണ പരിപാടികൾ, P - 11
- വികാസ് പി.എ, ഷിനോജ് സുബ്രമണ്യൻ, ജോൺ ബോസ്, പി.യു. സഖറിയ 2016. പൊക്കാളി കൃഷിയുടെ പുനരുജ്ജീവരനം സംയോജിത പൊക്കാളി നെൽ – ചെമ്മീൻ മത്സ്യകൃഷിയിലൂടെ ദേശീയ ശാസ്ത്രീയ ഹിന്ദി സെമിനാർ, സി.എം.എഫ്. ആർ. ഐ, കൊച്ചി. ഐ എസ് എസ് എൻ : 0972–2351– പേജ് 41–47

## പരിപാടികളിലെ പങ്കാളിത്തം

- ഡോ. ഷിനോജ് സുബ്രമണ്യൻ, സീനിയർ സയന്റിസ്റ്റ് & ഹെഡ് 2015 ഒക്ടോബർ 16 ന് ഗോവയിൽ ഐ.സി.എ.ആർ – കേന്ദ്ര തീരദേശ കാർഷിക ഗവേഷണ സ്ഥാപനം നടത്തിയ പടിഞ്ഞാറൻ തീരപ്രദേശ-പശ്ചിമഘട്ട മേഖലയിലെ കാർഷിക ശാസ്ത്രജ്ഞരുടെ ശിൽപശാലയിൽ പങ്കെടുത്തു.
- ഡോ. പി.എ.വികാസ്, മത്സ്യകൃഷി സാങ്കേതിക വിദഗ്ധൻ 2015 ഒക്ടോബർ 17–18 തീയ്യതികളിൽ കൊച്ചി സി.എം.എഫ്.ആർ. ഐ യിൽ നടന്ന കേരളത്തിലെ മത്സ്യകർഷകർക്കായുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും പൊക്കാളി കൃഷിയുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുക്കുകയുമുണ്ടായി.
- ശ്രീ. ഷോജി ജോയ് എഡിസൺ, ഉദ്യാന കൃഷി സാങ്കേതിക വിദഗ്ധൻ 2015 ഒക്ടോബർ 20ന് കൊങ്ങോർപ്പള്ളി സഹകരണ ബാങ്ക് സംഘടിപ്പിച്ച ജൈവപച്ചക്കറി കൃഷി ശിൽപശാലയിൽ പങ്കെടുക്കുകയും ജൈവ പച്ചക്കറി കൃഷി എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുക്കുകയുമുണ്ടായി.
- ഡോ. ഷിനോജ് സുബ്രമണ്യൻ, സീനിയർ സയന്റിസ്റ്റ് & ഹെഡ്, ദില്ലിയിൽ 2015 ഒക്ടോബർ 28,29 തീയ്യതികളിൽ ഐ.സി.എ.ആർ. ദേശീയ കാർഷിക ഗവേഷണ കേന്ദ്രം (IARI) 'കാർഷിക വിള സംരക്ഷണ വിഷയത്തിൽ തദ്ദേശിയ സാങ്കേതിക അറിവുകൾക്കുള്ള പ്രസക്തി' എന്ന വിഷയത്തിൽ നടത്തിയ സെമിനാറിൽ പങ്കെടുത്തു.
- ഡോ. പി.എ.വികാസ്, മത്സ്യ കൃഷി സാങ്കേതിക വിദഗ്ദൻ 2015 നവംബർ 12ന് കടുങ്ങല്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ സംഘടിപ്പിച്ച സ്റ്റാഫ് പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും ഓരു ജല മത്സ്യകുഞ്ഞുൽപാദനത്തെക്കുറിച്ച് ക്ലാസ് എടുക്കുകയുമുണ്ടായി.
- ഡോ. പി.എ.വികാസ്, മത്സ്യ കൃഷി സാങ്കേതിക വിദഗ്ദൻ എരമല്ലൂരിൽ വച്ചു 2015 നവംബർ 28 ന് ജനശ്രീ മിഷൻ നടത്തിയ ഒരു ദിവസത്തെ മത്സ്യകർഷക ശിൽപശാലയിൽ പങ്കെടുക്കുകയും കൂടുകൃഷിയെക്കുറിച്ച് ക്ലാസ് നയിക്കുകയുമുണ്ടായി.
- ഡോ. പി.എ.വികാസ്, മത്സ്യ കൃഷി സാങ്കേതിക വിദഗ്ദൻ ആശാകിരണം 2015 ഡിസംബർ 1ന് നടത്തിയ സെമിനാറിലും അനുബന്ധ എക്സിബിഷനിലും പങ്കെടുക്കുകയും 'അതിസാന്ദ്രതാ മത്സ്യകൃഷി' എന്ന വിഷയത്തിൽ ക്ലാസ് എടുക്കുകയും ചെയ്തു.
- ഡോ. ഷിനോജ് സുബ്രമണ്യൻ, ഹൈദരാബാദിലെ ദേശീയ കാർഷിക ഗവേഷണ നിർവ്വഹണപീഠത്തിൽ (NAARM) വച്ച് 2015 9 മുതൽ 11-ാം തീയതി വരെ 'കർഷക കമ്പനികളുടെ വിജയത്തിന് ആവിഷ്കരിക്കേണ്ട തന്ത്രങ്ങൾ' എന്ന വിഷയത്തിൽ നടത്തിയ ശിൽപശാലയിൽ പങ്കെടുക്കുകയുണ്ടായി.

- ശ്രീ. ഷോജി ജോയ് എഡിസൺ. ഉദ്യാന കൃഷി സാങ്കേതിക വിദഗ്ദൻ 2015 ഡിസംബർ 14ന് തിരുവനന്തപുരത്തെ പട്ടത്തുവച്ച് കേരള സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച തെങ്ങ് കൃഷി പ്രോജക്ട് അവലോകന യോഗത്തിൽ പങ്കെടുത്തു.
- ഡോ. ഷിനോജ് സുബ്രമണ്യൻ, സീനിയർ സയന്റിസ്റ്റ്/ ഹെഡ്, ശ്രീമതി ദീപ്തി എൻ.വി, പ്രോഗ്രാം അസിസ്റ്റന്റ് എന്നിവർ 2015 ഡിസംബർ 16ാം തീയതി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല യിൽ വച്ച് 25–ാംമത് സ്വദേശി സയൻസ് കോൺഗ്രസിന്റെ ഭാഗമായി നടത്തിയ കർഷക-ശാസ്ത്രജ്ഞ മുഖാമുഖം പരി പാടിയിൽ പങ്കെടുത്തു.
- എഫ്. പുഷ്പരാജ് ആഞ്ചലോ കാർഷിക വിജ്ഞാന വ്യാപന സാങ്കേതിക വിദഗ്ധൻ 2016 ജനുവരി 21,22 തീയ്യതികളിൽ സോൺ 8 കെ.വി.കെ കൾക്കായി ധാർവാർഡ് കാർഷിക സർവ്വകലാശാലയിൽ വച്ച് നടത്തിയ ആദ്യ കെ.വി.കെ സിംമ്പോസിയത്തിൽ പങ്കെടുക്കുകയും രണ്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.
- ഡോ. പി.എ.വികാസ്, മത്സ്യകൃഷി സാങ്കേതിക വിദഗ്ദൻ 2016 ജനുവരി 21 മുതൽ 23 വരെയും, 28 മുതൽ 30 വരെയും എറണാകുളത്ത് ഹോട്ടൽ പ്രസിഡൻസിയിൽ വച്ച് കാർഷിക ഗ്രാമീണ വികസന ബാങ്കും സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കൊച്ചിൻ യൂണിവേസിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയും സംയുക്തമായി നടത്തിയ കർഷക ഉത്പാദക കമ്പനി രൂപീകരണത്തെക്കുറിച്ച് മൂന്നു ദിവസം വീതമുള്ള ശില്പശാലകളിൽ പങ്കെടുത്തു.
- ശ്രീ. ഷോജി ജോയ് എഡിസൺ, ഉദ്യാനകൃഷി സാങ്കേതിക വിദഗ്ദൻ അങ്കമാലിയിലെ തുറവൂരിൽ 2016 ജനുവരി 29–ാം തീയതി ദേശീയ സുഗന്ധ വിള ബോർഡ് നടത്തിയ ജാതി കൃഷി പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും ക്ലാസ് എടുക്കുകയും ചെയ്തു.
- ശ്രീ. ഷോജി ജോയ് എഡിസൺ, ഉദ്യാന കൃഷി സാങ്കേതിക വിദ്ഗദൻ, 2016 ഫെ ബ്രുവരി 2,3 തീയതികളിൽ കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ വച്ച് നടത്തിയ "ലാഭകരമായ തേങ്ങ ഉല് പാദനം, മൂല്യവർദ്ധനം, വിപണനം" എന്ന വിഷയത്തിൽ നടത്തിയ പരീശിലനത്തിൽ പങ്കെടുത്തു.
- ശ്രീ.ഷോജി ജോയ് എഡിസൺ, ഉദ്യാന കൃഷി സാങ്കേതിക വിദഗ്ദൻ 2016 ഫെബ്രുവരി 12ന് സി.എം.എഫ്.ആർ.ഐ- സാഫ് സം യുക്ത പരിശീലന പരിപാടിയിൽ പങ്കെടുത്ത് - ക്ലാസുകൾ എടുക്കുകയുണ്ടായി.
- ശ്രീ.ഷോജി ജോയ് എഡിസൺ, ഡോ. പി.എ. വികാസ്, ശ്രീ.എഫ്. പുഷ്പരാജ് ആഞ്ചലോ, ഡോ.കെ.സ്മിത ശിവദാസൻ എന്നിവർ 2016 ഫെബ്രുവരി 18 ന് മണ്ണൂത്തി കമ്മ്യൂണിഷൻ സെന്ററിൽ വച്ചുനടന്ന പ്രീ ആക്ഷൻ പ്ലാൻ മീറ്റിങ്ങിൽ പങ്കെടുത്തു.
- ഡോ. പി.എ.വികാസ്, മത്സ്യ കൃഷി സാങ്കേതിക വിദ്ഗദൻ 2015 മാർച്ച് 23ന് സി.എം.എഫ്.ആർ.ഐ. - സാഫ് സംയുക്ത പരിശീലന പരിപാടിയിൽ പങ്കെടുത്ത് ക്ലാ സുകൾ എടുക്കുകയുണ്ടായി.

## ഐ.സി.എ.ആർ–സി.എം.എഫ്.ആർ.ഐ / കെ.വി.കെ വിപണന കേന്ദ്രം

ജൈവ/സുരക്ഷിത കൃഷിയ്ക്കാവശ്യമായ വിവിധ ഉല്പന്നങ്ങൾ ഐ.സി.എ.ആർ – സി.എം.എഫ്.ആർ.ഐ/ കെ.വി.കെ വിപണന കേന്ദ്രം വഴി വിതരണം ചെയ്യുന്നു. കൊച്ചിയിൽ ഹൈക്കോടതി ജംഗ്ഷനടുത്ത് ഗോശ്രീ റോഡിൽ സ്ഥിതിചെയ്യുന്ന കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) യിലാണ് കെ.വി.കെ യുടെ വിപണന കേന്ദ്രം പ്രവർത്തിക്കുന്നത്. എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 4 മണി വരെയാണ് പ്രവർത്തന സമയം.

## വിലവിവര പട്ടിക

| ക്രമ നമ്പർ | ഇനം | അളവ് | വിപണനകേന്ദ്രത്തിലെ വില * (രൂപാ) |
|---|---|---|---|
| 1 | അമിനോപ്ലസ് | 200 മില്ലി | 40 |
| 2 | ഓർഗാനോ എക്സൽ | 1 കിലോ | 70 |
| 3 | പഞ്ചഗവ്യം | 200 മില്ലി | 45 |
| 4 | നീം – ഡി – പെസ്റ്റ് | 250 ഗ്രാം | 60 |
| 5 | വേപ്പെണ്ണ | 200 മില്ലി | 65 |
| 6 | വേപ്പിൻ പിണ്ണാക്ക് | 1 കിലോ | 40 |
| 7 | പുകയില കഷായകിറ്റ് | ഒന്നിന് | 42 |
| 8 | കായീച്ച കെണി | ഒന്നിന് | 30 |
| 9 | ഫിറമോൺ കെണി (പച്ചക്കറി) | ഒന്നിന് | 145 |
| 10 | ഫിറമോൺ കെണി ( മാവിന്) | ഒന്നിന് | 145 |
| 11 | വെജിറ്റബൾ ടോപ് അപ് | 500 ഗ്രാം | 75 |
| 12 | ബനാന ടോപ് അപ് | 500 ഗ്രാം | 75 |
| 13 | ഫിഷ്ലൈസർ | 500 ഗ്രാം | 30 |
| 14 | മണ്ണിര കമ്പോസ്റ്റ് | 1 കിലോ | 25 |
| 15 | സമ്പുഷ്ട ചാണകപ്പൊടി | 1 കിലോ | 35 |
| 16 | ദേശി ഗോമൂത്ര | 1 ലിറ്റർ | 40 |
| 17 | നന്മ | 500 മില്ലി | 150 |
| 18 | മേന്മ | 200 മില്ലി | 75 |
| 19 | ശ്രേയ | 200 മില്ലി | 55 |
| 20 | ശക്തി | 200 മില്ലി | 65 |
| 21 | ന്യൂട്രിസ്ലറി | 5 ലിറ്റർ | 150 |
| 22 | സ്യൂഡോമൊണാസ് | 1 കിലോ | 75 |
| 23 | ട്രൈക്കോഡെർമ | 1 കിലോ | 105 |
| 24 | ബിവേറിയ | 1 കിലോ | 75 |
| 25 | വെർട്ടിസീലിയം | 1 കിലോ | 75 |
| 26 | പച്ചക്കറി വിത്തുകൾ | പാക്കറ്റിന് | 10–25 |
| 27 | തീറ്റപുൽ-ഹെഡ്ജ് ലൂസേൺ | 50 ഗ്രാം | 50 |
| 28 | തീറ്റപുൽ -സുബാബുൾ | 20 ഗ്രാം | 20 |
| 29 | തീറ്റപുൽ – അഗത്തി | 20 ഗ്രാം | 20 |
| 30 | തീറ്റപുൽ – സ്റ്റൈലോസാന്തസ് | 50 ഗ്രാം | 40 |
| 31 | തീറ്റപുൽ – വൻപയർ | 100 ഗ്രാം | 35 |
| 32 | തീറ്റപുൽ – മക്കച്ചോളം | 100 ഗ്രാം | 25 |
| 33 | പേൾ പ്ലസ് PS1 to 4 | 1 കിലോ | 95 |
| 34 | പേൾ പ്ലസ് തീറ്റ PS5 | 1 കിലോ | 85 |

*വില മാറ്റത്തിന് വിധേയമാണ്.

## വിപണന കേന്ദ്രത്തിൽ ലഭ്യമായ പ്രസീദ്ധീകരണങ്ങൾ


| ക്രമനം | പേര് | വില |
|---|---|---|
| 1 | ജൈവ പച്ചക്കറി കൃഷിയ്ക്ക് 100 ദിന കർമ്മപരിപാടി | 5 |
| 2 | ജൈവ പച്ചക്കറി കൃഷിക്കാരു കൈപ്പുസ്തകം | 30 |
| 3 | എറണാകുളം കെ. വി. കെ യുടെ ജൈവ കാർഷിക ഉൽപാദനോപാധികൾ | 10 |
| 4 | നാടൻ വിത്തിനങ്ങളുടെ രജിസ്ട്രേഷനും കർഷകരുടെ അനുബന്ധ അവകാശങ്ങളും | 5 |

## കരീമീൻ കുഞ്ഞുങ്ങൾ വിൽപനയ്ക്ക്

കെ.വി.കെ യുടെ ഉപഗ്രഹ ഉത്പാദന കേന്ദ്രത്തിൽ കരിമീൻ കുഞ്ഞുങ്ങൾ വിൽപനയ്ക്ക് തയ്യാർ

ബന്ധപ്പെടുക
**മിസ്റ്റർ. ഷിബു സി.വി,**
9496090363, 8547547214
**കോച്ചേരി** വീട്, കുമ്പളങ്ങി,

ഇതുപോലുള്ള യൂണിറ്റുകൾ തുടങ്ങുന്നതിനായ് 30 സെന്റ് മുതൽ 1 ഏക്കർ വരെ ഓരു ജലാശയങ്ങൾ ഉള്ള കർഷകർക്ക് കെ.വി.കെ യുമായി ബന്ധപ്പെടാവുന്നതാണ്. (0484 -2492450)

## കെ.വി.കെ യുടെ അടുക്കളത്തോട്ടം കർമ്മസേന

*ജൈവ പച്ചക്കറി വിളയിക്കാൻ താല്പര്യമുണ്ട്, പക്ഷെ എങ്ങിനെ തുടങ്ങണമെന്ന് അറിയില്ല നിങ്ങൾ ഈ കൂട്ടത്തിൽപ്പെട്ട ആളാണോ?*

വിളിക്കൂ കെ.വി.കെ യുടെ അടുക്കളത്തോട്ടം കർമ്മസേനയെ
എയ്ഞ്ചൽ കുടുംബശ്രീ, എടവനക്കാട്,
9895714598

കെ.വി.കെ നിർദ്ദേശിക്കുന്ന പോട്ടിങ്ങ് മിശ്രിതം തയ്യറാക്കുന്നു.
അടുക്കളത്തോട്ടം നിർമ്മിച്ചു കൊടുക്കുന്നു.
കെ.വി.കെ യുടെ ജൈവ ഉത്പാദനനോപാധികൾ വിതരണം ചെയ്യുന്നു.



## ഗുണമേന്മയുള്ള ജൈവ വളങ്ങൾക്ക് കെ.വി.കെ - കുടുംബശ്രീ സംയുക്ത സംരംഭം

KUDUMBASHREE

### ജീവ കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ്

കുടുംബശ്രീ ബിൽഡിങ്ങ് ഐരാപുരം, ഐരാപുരം പി.ഒ
എറണാകുളം – 683541

**കസ്റ്റമർ കെയർ : 9656193873, 9747653163**

# കണ്ടെത്തലുകളും ശുപാർശകളും

## കൃഷി

കേരള കാർഷിക സർവകലശാലയുടെ വെള്ളാനിക്കരയിലുള്ള തോട്ടവിള വിഭാഗം വികസിപ്പിച്ചെടുത്ത SE 8640 എന്ന ഇഞ്ചി, കറിയിഞ്ചിയുടെ ഉപയോഗത്തിനായി കൃഷി ചെയ്യുവാൻ നല്ലതാണ്. ഏക്കർ 1 ന് 2.5 ടൺ വിളവ് രേഖപ്പെടുത്തിയ ഈ ഇനത്തിന് നല്ല രോഗപ്രതിരോധ ശേഷിയുമുണ്ട്.

കടൽ മത്സ്യ അവശിഷ്ടങ്ങളിൽ നിന്നും കെ.വി.കെ തയ്യാറാക്കുന്ന ജൈവ വളം - ഫിഷ് ലൈസർ, പച്ചക്കറി വിളകളിൽ കൂടുതൽ പൂവുകൾ ഉണ്ടാകുന്നതിനും കാപിടുത്തതിനും സഹായിക്കുന്നു. ഗ്രോബാഗ് മിശ്രിതം തയ്യാറാക്കുമ്പോൾ ബാഗ് ഒന്നിന് 200 ഗ്രാം വീതവും തുടർന്ന് 2 ആഴ്ച ഇടവേളകളിൽ 50 ഗ്രാം വീതവുമാണ് ഫിഷ്ലൈസർ പ്രയോഗിക്കേണ്ടത്.

നെൽകൃഷിയിൽ ഹെക്ടർ 1ന് 400 കിലോ തോതിൽ ഡോളോമൈറ്റ് ചേർത്തതിന് ശേഷം സ്യൂഡോമൊണാസ്, ബിവേറിയ, കടൽ മത്സ്യസത്ത് എന്നിവ ഉപയോഗിക്കുന്നത് നെല്ല് ഉത്പാദനം 22 ശതമാനത്തോളം വർദ്ധിപ്പിക്കും.

വാഴകൃഷി ചെയ്യുമ്പോൾ വാഴക്കന്നുകൾ, മെറ്റാറൈസിയം കലർത്തിയ ചാണക വെള്ളത്തിൽ മുക്കിയ ശേഷം നടുന്നതിന് പുറമേ 2 ഗ്രാം മെറ്റാറൈസിയം 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 2 ാം മാസവും 4 -ാം മാസവും ചുവട്ടിൽ ഒഴിച്ചു കൊടുക്കുന്നത് വാഴയിലെ മാണപ്പുഴുവിനെ നിയന്ത്രിക്കാൻ അനുയോജ്യമാണ്.

ജാതിയിലെ ഇലപൊഴിച്ചിൽ തടയുന്നതിനായി 1 ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം മെയ് മൂന്നാമത്തെ ആഴ്ചയും 15 % വീര്യമുള്ള കൊസൈഡ് (15 ഗ്രാം 100 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച്) ജൂലൈ ആദ്യവാരവും പ്രയോഗിക്കേണ്ടതാണ്.

ജാതിയിലെ കാപൊഴിച്ചിൽ തടയുന്നതിന് 2% വീര്യമുള്ള സ്യൂഡോമോണസ് ലായനി (20 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ) സെപ്റ്റംബർ മാസത്തിലും 2% വീര്യമുള്ള ബോറിക് ആസിഡ് (2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ), ഒക്ടോബർ മാസത്തിലും പ്രയോഗിക്കേണ്ടതാണ്.

വാഴയിൽ കാൽസ്യം, ബോറോൺ എന്നിവയുടെ കുറവുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് 5% വീര്യമുള്ള കാൽസ്യം നൈട്രേറ്റ് (5ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലർത്തിയത്) തളിച്ച് ഒരാഴ്ചയ്ക്ക് ശേഷം 1% വീര്യമുള്ള ബോറിക്ക് ആസിഡ് (1 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) പ്രയോഗിക്കേണ്ടതാണ്. മരമൊന്നിന് 350 ഗ്രാം കുമ്മായ പ്രയോഗവും നല്ലതാണ്.

തെങ്ങിന്റെ കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കുന്നതിന് 50 ഗ്രാം ഫെർട്ടേർ 2 കിലോ മണലുമായി ചേർത്ത് 250 ഗ്രാം വീതം മടൽകവിളുകളിൽ ഇട്ടുകൊടുക്കേണ്ടതാണ്.

ശീതകാല പച്ചക്കറികളായ കാബേജ്, കോളിഫ്ളവർ, കാരറ്റ് എന്നിവ ഒക്ടോബർ പകുതിക്കു മുൻപായി തന്നെ പറിച്ചു നടേണ്ടതാണ്. വൈകിയാൽ പ്രതീക്ഷിക്കുന്ന വിളവ് ലഭിക്കുകയില്ല.

വേപ്പിൻ പിണ്ണാക്ക് എന്നത് വേപ്പിൻ പരിപ്പിൽ നിന്നും എണ്ണ വേർത്തിരിച്ചെടുത്തതിനുശേഷം വരുന്ന ഒന്നാണ് ഇതിൽ തൊണ്ടോ, തൊണ്ട് പൊടിച്ചതോ മറ്റു വസ്തുകളോ ഉണ്ടെങ്കിൽ അത് മായം ചേർന്നതായി കണക്കാക്കേണ്ടതാണ്.

## മത്സ്യ കൃഷി

പാറമടകളിലെ കൂടുമത്സ്യ കൃഷിക്ക് അനുയോജ്യമായ ഇനമാണ് ഗിഫ്റ്റ് തിലോപ്പിയ. ഇതിന്റെ കൃഷിക്ക് സംസ്ഥാന സർക്കാറിന്റെ ഫിഷറീസ് വകുപ്പിൽ നിന്നു ലൈസൻസ് ലഭിക്കേണ്ടതുണ്ട്. വിജയവാഡയ്ക്കടുത്ത് മണിക്കോണ്ടയിലുള്ള രാജീവ് ഗാന്ധി മത്സ്യ കൃഷി സെന്റർ (RGCA) നിന്നും കുഞ്ഞുങ്ങളെ ലഭ്യമാക്കാവുന്നതാണ്.

ഉപ്പുകുറഞ്ഞ കായൽ പ്രദേശങ്ങളിൽ കൃഷിചെയ്യാവുന്ന നല്ല മത്സ്യമാണ് കാളാഞ്ചി. കൂടുകളിൽ കൃഷി ചെയ്യാനാണെങ്കിൽ വിരൽ വലുപ്പമെത്തിയ (10സെ.മി) കുഞ്ഞുങ്ങളാണ് അഭികാമ്യം. ഒരേ പോലുള്ള വളർച്ച ഉറപ്പാക്കുന്നതിനും പരസ്പരം പിടിച്ചു തിന്നുന്നത് ഒഴിവാക്കുന്നതിനും ഇവയെ ഇടയ്ക്കിടയ്ക്ക് തരം തിരിച്ച് മാറ്റി വളർത്തേണ്ടതാണ്.

ഓരു ജലാശയങ്ങളിൽ കൃഷി ചെയ്യാവുന്ന നല്ലയിനം മത്സ്യമാണ് തിരുത. തെക്കു പടിഞ്ഞാറൻ കാലവർഷത്തിന് ശേഷമാണ് ഇവയുടെ കുഞ്ഞുങ്ങളെ ലഭ്യമാകുന്നത്. വിരൽ വലുപ്പമെത്തുന്നതുവരെ ഹാപ്പ നെറ്റിൽ പ്രത്യേക പരിചരണം നൽകിയാൽ മാത്രമേ നല്ല അതിജീവനതോത് ഉറപ്പാക്കാനാവൂ. ഈ കാലയളവിൽ ഉയർന്ന മാംസ്യവും കൊഴുപ്പുമുള്ള തീറ്റ നൽകേണ്ടതുണ്ട്.

പൊക്കാളി കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭിക്കുവാൻ ചെമ്മീൻ-നെൽ കൃഷികളൊടോപ്പം മറ്റുമത്സ്യങ്ങളെകൂടി കൃഷി ചെയ്യേണ്ടത് ആവശ്യമാണ്. കാളാഞ്ചി, കരിമീൻ, തിരുത എന്നിവ പൊക്കാളി പാടങ്ങൾക്ക് അനുയോജ്യമായ മത്സ്യങ്ങളാണ്. ഇവയ്ക്കെല്ലാം കുറഞ്ഞത് 8 മാസത്തെ വളർച്ചയെങ്കിലും വേണം എന്നത് പ്രത്യേകം ശ്രദ്ധിക്കണം.

## മൃഗസംരക്ഷണം

പശുക്കിടാങ്ങൾക്ക് തള്ള പശുവിന്റെ പാലിനു പകരം 'മിൽക്ക് റീപ്ലേസർ' കൊടുക്കാവുന്നതാണ്. കിടാക്കളുടെ ആരോഗ്യവും നല്ല വളർച്ചാനിരക്കും ഉറപ്പാക്കുന്നതോടൊപ്പം വാണിജ്യാടിസ്ഥാനത്തിലുള്ള പാൽ ഉല്പാദനം വർദ്ധിപ്പിക്കാം എന്നതാണ് ഈ രീതിയുടെ പ്രയോജനം. എന്നാൽ ഈ രീതി വലിയ ഫാമുകളിൽ മാത്രം അനുവർത്തിക്കാനാണ് കെ.വി.കെ ശുപാർശ ചെയ്യുന്നത്.

ഒറ്റ പ്രസവത്തിൽ കൂടുതൽ കുഞ്ഞുങ്ങളെ തരുന്നതും രോഗപ്രതിരോധശേഷി ഉള്ളതുമായ മുയൽ ഇനമാണ് സോവിയറ്റ് ചിഞ്ചില. കുഞ്ഞുങ്ങളുടെ അതിജീവനതോത് കൂടുതൽ ആണെന്നതും 5-6 മാസങ്ങളിൽ തന്നെ 16% ഭാരവർദ്ധന ഉണ്ടാകും എന്നതും ഇവയുടെ പ്രത്യേകതകളാണ്.

കാത്സ്യത്തിന്റെ കുറവുമൂലം മുട്ടക്കോഴികളുടെ കാലുകൾക്കുണ്ടാകുന്ന ക്രമക്കേട്, മുട്ടകളുടെ രൂപത്തിലുള്ള വ്യത്യാസം തുടങ്ങിയ പ്രശ്നങ്ങൾ തീറ്റക്കൊപ്പം കക്ക പൊടിച്ചു കൊടുക്കുന്നതിലൂടെ പരിഹരിക്കാനാവും.

സുരക്ഷിത മുട്ട / മാംസ ഉത്പാദനത്തിനായി കടക്നാഥ് അഥവാ കരിങ്കോഴി ഇനം കേരളത്തിന്റെ കാലാവസ്ഥയിൽ വളർത്താൻ അനുയോജ്യമാണ്. കട്കനാഥ് കുഞ്ഞുങ്ങളെ കെ.വി.കെ വിപണന മേളകളിലൂടെ വിതരണം ചെയ്യാറുണ്ട്.

പാലിലെ കൊഴുപ്പ് വർദ്ധിപ്പിക്കുന്നതിനായ് പയർ/വൃക്ഷ വർഗ്ഗ തീറ്റപ്പുല്ലിനങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഇവ കൊടുക്കുമ്പോൾ പെല്ലറ്റ് തീറ്റയുടെ അളവ് കുറക്കാൻ സാധിക്കും. ഇത്തരം വിളകളുടെ വിത്തുകൾ കെ.വി.കെ വിപണനകേന്ദ്രത്തിൽ ലഭ്യമാണ്.

## വ്യക്തിഗത നേട്ടങ്ങൾ

ഡോ. പി.എ.വികാസിന് ''ഭക്ഷ്യ സുരക്ഷക്കും സാമ്പത്തിക വികസനത്തിനുമായുള്ള ഉത്തരവാദിത്തപരമായ മത്സ്യ കൃഷി വികസനം''എന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ നെതർലാന്റ്സ് സർക്കാറിന്റെ ഫെല്ലോഷിപ്പ് ലഭിക്കുകയുണ്ടായി. വാജെൻജെൻ സെന്റെർ ഫോർ ഡെവല്പമെന്റ് ഇന്നോവേഷനിൽ വച്ച് 2016 ഫെബ്രുവരി 29 മുതൽ മാർച്ച് 11 വരെ ആയിരുന്നു പരിശീലനം.


ഡോ. പി.എ.വികാസ് മറ്റു പരിശീലനാർത്ഥികളോടൊപ്പം

## സി.എം.എഫ്.ആർ.ഐ വാർത്തകൾ

### സമുദ്ര മത്സ്യ മേഖലകളിലെ ദേശീയ സെൻസസ് 2016

സമുദ്ര മത്സ്യ മേഖലയിൽ അഞ്ച് വർഷത്തിലൊരിക്കൽ കേന്ദ്ര സർക്കാർ നടത്തുന്ന സെൻസസിൽ ശേഖരിക്കുന്ന വിവരങ്ങളാണ് ബന്ധപ്പെട്ട മേഖലയിൽ സർക്കാർ എടുക്കുന്ന നയതീരുമാനങ്ങൾക്ക് അടിസ്ഥാനമാക്കുന്നത്. മത്സ്യതൊഴിലാളി കുടുംബങ്ങൾ, അവരുടെ സാമൂഹിക വിദ്യാഭ്യാസ സ്ഥിതി, സമുദ്ര മത്സ്യതൊഴിലാളി ഗ്രാമങ്ങളിലെ ജനസംഖ്യാ വിവരങ്ങൾ, മീൻ പിടുത്തയാനങ്ങളെക്കുറിച്ചും ഉപകരണങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ തുടങ്ങിയവയെല്ലാം ഈ സർവേയിൽ ശേഖരിക്കാറുണ്ട്. 2016 ൽ രാജ്യവ്യാപകമായി ഈ സർവേ നടത്തിയത് സി.എം.എഫ്.ആർ.ഐ ആണ്. 3000ഓളം ഉദ്യോഗസ്ഥരെ ഉപയോഗിച്ച് 73 ജില്ലകളിലായുള്ള 4250 മത്സ്യതൊഴിലാളി ഗ്രാമങ്ങളിൽ നിന്നും 11 ലക്ഷം മത്സ്യതൊഴിലാളി കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് 26 കേന്ദ്രങ്ങൾ വഴി ശേഖരിച്ചത്.


സി.എം.എഫ്.ആർ.ഐ ഉദ്യോഗസ്ഥർ വിവരങ്ങൾ ശേഖരിക്കുന്നു.

### ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ മികച്ച വാർഷിക റിപ്പോർട്ടിനുള്ള അവാർഡ് – സി.എം.എഫ്.ആർ.ഐ ക്ക്

ഗവേഷണ സ്ഥാപനങ്ങൾക്കായി ദേശീയ കാർഷിക ഗവേഷണ കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള മികച്ച വാർഷിക റിപ്പോർട്ട് അവാർഡ് – 2016 സി.എം.എഫ്.ആർ.ഐ ക്ക് ലഭിച്ചു. 2016 ജനുവരി 23ന് ദില്ലിയിൽ വച്ചു നടന്ന ചടങ്ങിൽ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ: എ.ഗോപാലകൃഷ്ണൻ, ബഹു. കേന്ദ്ര കൃഷി മന്ത്രി ശ്രീ രാധാമോഹൻ സിങ്ങിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി


സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ അവാർഡ് ഏറ്റുവാങ്ങുന്നു.

## സി.എം.എഫ്.ആർ.ഐ യുടെ 69-ാമത് സ്ഥാപകദിനാഘോഷം

2016 ഫെബ്രുവരി 3ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം അതിന്റെ 69 വർഷം പൂർത്തിയാക്കുകയുണ്ടായി. 1947 ഫെബ്രുവരി 3ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിൽ ആണ് സി.എം.എഫ്.ആർ.ഐ രൂപീകരിച്ചതെങ്കിലും 1967 ൽ അത് ദേശീയ കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടുവരികയായിരുന്നു. 69 വർഷക്കാലം നീണ്ട ഗവേഷണ പ്രവർത്തനങ്ങളിലൂടെ സി.എം.എഫ്.ആർ.ഐ ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ഉഷ്ണമേഖലാ സമുദ്ര ഗവേഷണ സ്ഥാപനമായി വളർന്നിരിക്കുകയാണ് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിവരിച്ചു കൊടുക്കാനും കണ്ടു മനസ്സിലാക്കാനുമുള്ള ഓപ്പൺ ഹൗസ് പരിപാടി നടത്തിയാണ് സ്ഥാപക ദിനം ആഘോഷിച്ചത്.


വിദ്യാർത്ഥികൾ ലബോറട്ടറി സന്ദർശിക്കുന്നു

## കടലിലെ കൂടുമത്സ്യ കൃഷിയെക്കുറിച്ചുള്ള പരിശീലന പരിപാടി

ഗുണമേന്മയുള്ള മത്സ്യലഭ്യത കൂട്ടാനുള്ള നൂതന മാർഗ്ഗമാണ്. കടലിൽ തന്നെ സ്ഥാപിച്ചിട്ടുള്ള കൂടുകളിൽ നടത്തുന്ന മത്സ്യ കൃഷി. വിപണിക്കനുസൃതമായി വിളവെടുക്കാമെന്നതും സൗകര്യവും ആണ് ഇതിന്റെ ഗുണങ്ങൾ. മത്സ്യതൊഴിലാളികളെക്കൊണ്ട് തന്നെ ഇത്തരത്തിൽ തീരങ്ങളോടു ചേർന്ന് കൂടുമത്സ്യകൃഷി നടത്തി മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം അവർക്ക് ഉപജീവനമാർഗ്ഗം ഒരുക്കി കൊടുക്കുക എന്നതുമാണ് ഈ രീതിയുടെ പ്രചരണത്തിലൂടെ സി.എം.എഫ്.ആർ.ഐ ലക്ഷ്യമിടുന്നത്. ഇത്തരത്തിലുള്ള ഒരു പരിശീലന പരിപാടി മത്സ്യ തൊഴിലാളികൾക്കും മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും 2016 ഫെബ്രുവരി 2 മുതൽ 6 വരെ തമിഴ്നാട്ടിലെ മണ്ഡപം പ്രാദേശിക കേന്ദ്രത്തിൽ വച്ചു നടത്തുകയുണ്ടായി. കൂടിന്റെ രൂപകൽപന, നിർമ്മാണം, വലകൾ വൃത്തിയാക്കൽ തീറ്റ നൽകൽ തുടങ്ങിയ വിവിധ മേഖലകൾ പ്രതിപാദിക്കുകയുണ്ടായി


സമുദ്ര കൂടുമത്സ്യകൃഷി പരിശീലനം പുരോഗമിക്കുന്നു.

## കല്ലുമ്മക്കായ വിത്തുത്പാദനരംഗത്ത് സി.എം.എഫ്.ആർ.ഐയുടെ മുന്നേറ്റം

മത്സ്യ പ്രേമികളുടെ ഇഷ്ട ഭക്ഷണമാണ് കല്ലുമ്മക്കായ. എന്നാൽ വൻതോതിൽ കല്ലുമ്മക്കായ കൃഷിനടത്താനുള്ള പ്രധാന പ്രശ്നം ഗുണമേന്മയുള്ള വിത്ത് ലഭ്യമല്ല എന്നതാണ്. അതുകൊണ്ട് തന്നെ കർഷകർ കൂടുതലായും പ്രകൃതിയിൽ നിന്നും പിടിച്ചെടുക്കുന്ന കുഞ്ഞുങ്ങളെയാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഇത് അശാസ്യമായ കാര്യമല്ല. സി.എം.എഫ്.ആർ.ഐ യുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിൽ നടന്ന ഗവേഷണ പ്രവർത്തനങ്ങളിൽ ഒരു ടൺ ശേഷിയുള്ള ടാങ്കുകളിൽ വിത്തുൽപാദനം സാധ്യമാണെന്ന് തെളിയിക്കുകയുണ്ടായി. അതിജീവനതോത് 95 ശതമാനത്തിലധികമാണ്. ഇത്തരത്തിൽ ഉൽപാദിപ്പിക്കുന്ന കുഞ്ഞുങ്ങൾ ദീർഘദൂരങ്ങളിലേക്കു കയറ്റി അയക്കുന്നതിന് അനുയോജ്യവുമാണ്.


കല്ലുമ്മക്കായ വിത്തുകൾ

# വാർത്തകളിൽ കെ.വി.കെ



2016 മാതൃഭൂമി www.mathrubhumi.com/localnews

ഈസ്റ്ററിന് പാടത്ത് നിന്ന് പൊക്കാളി മീൻ വാങ്ങാ

പച്ചക്കറി നടാൻ സൂക്ഷ്മമൂലകങ്ങൾ

Now, learn how to sample your soil

നടേണ്ടത് വിത്തു മുളപ്പിച്ച കറിവേപ്പിൻ തൈ

2015 • ഡിസംബർ 12 • ശനിയാഴ്ച മാതൃഭൂമി www.mathrubhumi.com/localnews

കരിങ്കോഴി കുഞ്ഞുങ്ങളെ വാങ്ങാം

ജൈവ കീടനാശിനി പുറത്തിറക്കി

കുടുംബശ്രീക്ക് ശ്രീയായി കൃഷിവിജ്ഞാൻ കേന്ദ്രം

പൊക്കാളി ഉത്പന്നങ്ങൾക്കായി പ്രത്യേക വിപണി വരുന്നു

ജാതിക്കയ്ക്കുള്ളിൽ നിന്ന് ദേശീയാംഗീകാരം

പച്ചക്കറിത്തൈ വിതരണം നാളെ

പൊക്കാളി കർഷകരുടെ ഈസ്റ്റർ മത്സ്യ വിപണി

മാതൃഭൂമി നഗരം

പുതിയ ജൈവ കീടനാശിനിയും വളവുമായി കെ.വി.കെ.

പൊക്കാളി കർഷകരുടെ മത്സ്യവിൽപ്പന നാളെ

ജൈവകൃഷി മുന്നേറ്റത്തിന് കെ.വി.കെ.യുടെ 'പഞ്ചഗവ്യം'

മണ്ണറിയാം: ആഘോഷം ഇന്ന്

പച്ചക്കറിത്തോട്ടം ... കെ.വി.കെ.യുടെ




സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ കുടുംബശ്രീ അംഗങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു



കെ.വി.കെ യുടെ അടുക്കളത്തോട്ടം കർമ്മസേന- എയ്ഞ്ചൽ കുടുംബശ്രീ , എടവനക്കാട്



കെ.വി.കെ യുടെ കടക്നാഥ് വിപണനമേള


**ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**

**ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

*കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ്, കൃഷി മന്ത്രാലയം, ഭാരത സർക്കാർ*

ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം - 682 505

Phone: 0484 2492450 / e-mail: kvkernakulam@cmfri.org.in / website: www.kvkernakulam.org.in


भाकृ अनुप ICAR

सी एम एफ आर आइ CMFRI